## 15 -ാം കേരള നിയമസഭ

## 3 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1414** | **07-10-2021 - ൽ മറുപടിയ്ക്ക്**

## എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ .പി. കെ. ബഷീർ | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ നിലവിൽ നിർവ്വഹിച്ചു വരുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമെന്നു വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ നിലവിൽ നിർവഹിച്ചു വരുന്ന പ്രധാന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു. 1) ഉദ്യോഗാർത്ഥികളുടെ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് പുതിയ രജിസ്ട്രേഷൻ, അധിക യോഗ്യത ചേർക്കൽ, തൊഴിൽ പരിചയ സർട്ടിഫിക്കറ്റ് ചേർക്കൽ, താഴ്ന്ന തസ്തികകളിലേക്ക് പരിഗണിക്കുവാനുള്ള അപേക്ഷകൾ തീർപ്പാക്കൽ, രജിസ്ട്രേഷൻ മറ്റ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലേക്ക് മാറ്റുന്നതിനുള്ള നടപടികൾ, ഡ്യൂപ്ലിക്കേറ്റ് ഐഡന്റിറ്റി കാർഡ് ലഭ്യമാക്കൽ, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് രജിസ്ട്രേഷൻ പുതുക്കൽ, പ്രത്യേക പുതുക്കൽ, ലാപ്സ്/ക്യാൻസലേഷൻ സർട്ടിഫിക്കറ്റ് വിതരണം. 2) വേക്കൻസി, സബ്മിഷൻ, പ്ലേസ്മെന്റ് തുടങ്ങിയവയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തിവരുന്നു. 3) വിദ്യാഭ്യാസപരവും തൊഴിൽപരവുമായ വിവരങ്ങൾ വിദ്യാർത്ഥികൾക്കും തൊഴിൽ അന്വേഷകർക്കും ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ തൊഴിൽ മാർഗ്ഗനിർദ്ദേശം (വൊക്കേഷണൽഗൈഡൻസ്) നൽകുന്നതിനായി കരിയർ ഡെവലപ്മെന്റ് സെന്റർ (സി.ഡി.സി),എംപ്ലോയബിലിറ്റി സെന്റർ, മോഡൽ കരിയർ സെന്റർ,പി.എസ്.സി ഫെസിലിറ്റേഷൻ സെന്ററുകൾ എന്നിവ മുഖേനെ വിവിധ പ്രവർത്തനങ്ങൾ നടത്തിവരുന്നു. 4) എംപ്ലോയ്മെന്റ് മാർക്കറ്റിംഗ് ഇൻഫർമേഷൻ (EMI) സംബന്ധിച്ച പ്രവർത്തനങ്ങളും നടത്തിവരുന്നു. 5) സ്വയം തൊഴിൽ സഹായ പദ്ധതി/തൊഴിൽ രഹിതർക്കുള്ളസാമ്പത്തിക സഹായ പദ്ധതി സംബന്ധിച്ച ചുവടെ ചേർക്കുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു. ശരണ്യ - അശരണരായ വനിതകൾക്കുള്ള സ്വയംതൊഴിൽ പദ്ധതി കൈവല്യ - ഭിന്നശേഷിക്കാർക്കുള്ള സ്വയംതൊഴിൽ പദ്ധതി |

| | | | |
|---|---|---|---|
| | | | നവജീവൻ - മുതിർന്ന പൗരൻമാർക്കുള്ള സ്വയംതൊഴിൽ പദ്ധതി മൾട്ടിപർപ്പസ് സർവ്വീസ് സെന്റേഴ്സ്/ജോബ് ക്ലബ്ബ് - രണ്ട് മുതൽ അഞ്ച് വരെ അംഗങ്ങൾ ചേർന്ന് ആരംഭിക്കാവുന്ന സംയുക്ത സ്വയംതൊഴിൽ പദ്ധതി കെസ്റു - വ്യക്തിഗത/ സംയുക്ത സ്വയംതൊഴിൽ പദ്ധതി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള നിശ്ചിത പ്രായപരിധിയും, നിശ്ചിത വരുമാനവും, വിദ്യാഭ്യാസ യോഗ്യതയുമുള്ളവർക്ക് തൊഴിൽരഹിത വേതനം നൽകി വരുന്നു. 6) പട്ടികജാതി, പട്ടിക വർഗ്ഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ സമഗ്ര പുരോഗതി ലക്ഷ്യം വച്ചുള്ള 'സമന്വയ' പദ്ധതി നടപ്പിലാക്കി വരുന്നു. 7) ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് എത്തിക്കുന്നതിന് കൈവല്യ സ്വയംതൊഴിൽ പദ്ധതി നടപ്പിലാക്കിവരുന്നു. |
| (ബി) | എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്ത ഉദ്യോഗാർത്ഥികൾക്ക് താൽക്കാലികമായോ കരാർ അടിസ്ഥാനത്തിലോ സ്ഥിരമായോ തൊഴിൽ നൽകുന്നതിന് പ്രാമുഖ്യം നൽകാറുണ്ടോ എന്ന് വ്യക്തമാക്കുമോ; ആയതിന് അവരുടെ സീനിയോറിറ്റി പരിഗണിക്കാറുണ്ടോ എന്ന് അറിയിക്കുമോ; | (ബി) | ഉണ്ട്; ഉദ്യോഗദായകൻ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ അറിയിക്കുന്ന ഒഴിവുകളിൽ വയസ്സ്, വിദ്യാഭ്യാസ യോഗ്യത, ജാതി സംവരണം, മുൻഗണന, എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പരിപാലിച്ചു പോരുന്ന സംവരണക്രമം തുടങ്ങിയ നിലവിലെ മാനദണ്ഡങ്ങൾക്ക് വിധേയമായി സീനിയോറിറ്റിയുടെ (National Employment Service Manual vol i para 9 .12) അടിസ്ഥാനത്തിൽ യോഗ്യരായ ഉദ്യോഗാർത്ഥികളുടെ നാമനിർദ്ദേശ പട്ടിക ഉദ്യോഗദായകർക്കു നൽകുന്നു. ആയതിൽ നിന്നും ഉദ്യോഗദായകർ യോഗ്യരായ ഉദ്യോഗാർത്ഥികളെ കണ്ടെത്തി നിയമനം നൽകുന്നു. |
| (സി) | സംസ്ഥാനത്തെ സർക്കാർ മേഖലകളിൽ താൽക്കാലികമായി ഉണ്ടാകുന്ന ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന നികത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (സി) | പബ്ലിക് സർവീസ് കമ്മീഷന്റെ പരിധിയ്ക്കു പുറത്തുവരുന്ന എല്ലാത്തരം ഒഴിവുകളും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിർബന്ധമായും അറിയിച്ച് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന്റെ സേവനം പ്രയോജനപ്പെടുത്തണമെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്. കേരള സ്റ്റേറ്റ് ആൻഡ് സബോർഡിനേറ്റ് സർവീസ് റൂൾസ് ബാധകമാക്കിയിട്ടുള്ള സ്ഥാപനങ്ങളിലെ താത്കാലിക നിയമനങ്ങൾ എംപോയ്മെന്റ് എക്സ്ചേഞ്ച് മുഖേന KS&SSR Rule 9 a (i) പ്രകാരം നടത്തേണ്ടതാണ്. PSC യുടെ പരിധിയിൽ വരാത്ത എല്ലാത്തരം ഒഴിവുകളിലെയും നിയമനം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി തന്നെ നടത്തണമെന്ന് സർക്കാർ വകുപ്പ് മേധാവികൾക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിനു വിപരീതമായി പ്രവർത്തിക്കുന്ന വകുപ്പ് മേധാവികൾക്കും/ തലവന്മാർക്കുമെതിരെ കർശന |

| | | | |
|---|---|---|---|
| | | | നടപടി സ്വീകരിക്കുന്നതാണെന്നും, മേൽനിർദ്ദേശം നടപ്പിലാക്കുന്നതിന് വകുപ്പ് മേധാവികളും തലവന്മാരും വ്യക്തിപരമായി ഉത്തരവാദികളായിരിക്കുമെന്നുമുള്ള നിർദ്ദേശവും സർക്കാർ എല്ലാ വകുപ്പ് മേധാവികൾക്കും നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ